REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 23-04-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. പ്രചാരണം തീരാൻ മണിക്കൂറുകൾ മാത്രം ബാക്കിനിൽക്കെ മണ്ഡലങ്ങൾ ഇളക്കിമറിച്ച് പ്രചാരണം.
- കള്ളവോട്ടിന് ശ്രമിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- ഇന്ന് ലോക പുസ്തക, പകർപ്പവകാശ ദിനം.
- IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്, ലക്നോ സൂപ്പർജയ്ന്റ്സുമായി ഏറ്റുമുട്ടും.
- ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ആദ്യമത്സരത്തിൽ ഒഡിഷ FC, ATK മോഹൻ ബഗാനെ നേരിടും.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിയ്ക്കും. പ്രചാരണം തീരാൻ മണിക്കൂറുകൾ മാത്രം ബാക്കിനിൽക്കെ മണ്ഡലങ്ങൾ ഇളക്കിമറിച്ച പ്രചാരണത്തിന് നേതൃത്വം നൽകുകയാണ് മുന്നണികളുടെ ദേശീയ- സംസ്ഥാന നേതാക്കൾ. നാളെ വൈകിട്ട് പ്രചാരണം അവസാനിക്കുന്നതോടെ നിശബ്ദ പ്രചാരണത്തിലേക്ക് നീങ്ങും. മറ്റന്നാളാണ് വോട്ടെടുപ്പ്.

കേരളത്തിലെ 20 മണ്ഡലങ്ങൾക്കു പുറമെ കർണാടകയിലെ 14, രാജസ്ഥാനിലെ 13, ഉത്തർപ്രദേശിലെയും മഹാരാഷ്ട്രയിലെയും 8 വീതം സീറ്റുകളിലും വെള്ളിയാഴ്ച വിധിയെഴുതും.

ഇതിന് പുറമെ മധ്യപ്രദേശിലെ ഏഴ്, അസം, ബീഹാർ, എന്നിവിടങ്ങളിലെ അഞ്ച് വീതം, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലെ മൂന്ന് വീതം സീറ്റുകളിലും മണിപ്പൂർ, ജമ്മുകശ്മീർ, ത്രിപുര എന്നിവിടങ്ങളിൽ ഓരോ സീറ്റിലും മറ്റന്നാൾ വോട്ടെടുപ്പ് നടക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് ഏഴ് സ്ഥാനാർത്ഥികളുടെ പട്ടിക കൂടി കോൺഗ്രസ് പുറത്തുവിട്ടു. ബീഹാർ, പഞ്ചാബ് സംസ്ഥാനങ്ങളിലെ സ്ഥാനാർത്ഥികളെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പഞ്ചാബിൽ ശിരോമണി അകാലിദൾ അഞ്ച് സ്ഥാനാർത്ഥികളുടെ രണ്ടാമത്തെ പട്ടികയും പ്രഖ്യാപിച്ചു.

✪✪✪

തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി മുതിർന്ന BJP നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ ഇന്ന് രാത്രി കൊച്ചിയിൽ എത്തും. നാളെ ആലപ്പുഴ മണ്ഡലത്തിലും, ഇടുക്കി മണ്ഡലത്തിലും NDA പൊതുയോഗങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്യും.

✪✪✪

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഇന്ന് ചെങ്ങന്നൂരിലും സുൽത്താൻ ബത്തേരിയിലും UDF ന് വേണ്ടി പ്രചാരണം നടത്തും. കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റും ഇന്ന് തിരുവനന്തപുരത്ത് വിവിധ തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും.

✪✪✪

കള്ളവോട്ടിന് ശ്രമിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ വ്യക്തമാക്കി. വീട്ടിലെ വോട്ടിങ്ങിനിടെ ഉണ്ടായ കള്ളവോട്ട് പരാതികളിൽ ഉടനടി നടപടിയെടുത്തതായും ഈ നടപടി മുന്നറിയിപ്പായി കാണണമെന്നും അദ്ദേഹം ഒരു വാർത്താചാനലിനോട് പറഞ്ഞു. വോട്ടെടുപ്പിന് സംസ്ഥാനം സജ്ജമായെന്നും, സുതാര്യമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുമെന്നും സഞ്ജയ് കൗൾ അറിയിച്ചു.

സംസ്ഥാനത്ത് ചില ഇടങ്ങളിലെ മോക് പോളിങ്ങിൽ ഉയർന്ന പരാതിയിൽ അടിസ്ഥാനമില്ലെന്നും ചട്ടലംഘന പരാതികളിൽ വേഗം തീർപ്പുണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. മറ്റന്നാൾ നിശ്ശബ്ദ പ്രചാരണ വേളയിൽ സാമൂഹിക മാധ്യമങ്ങളെ കർശന നിരീക്ഷണത്തിന് വിധേയമാക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ തപാൽവോട്ടിന് അപേക്ഷിച്ച പോളിങ് ഡ്യൂട്ടിയുള്ള മുഴുവൻ ഉദ്യോഗസ്ഥരും വോട്ടിങ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിലെത്തി വോട്ടവകാശം വിനിയോഗിക്കണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഇന്നലെ വൈകിട്ട് 5 വരെ സംസ്ഥാനത്ത് 9,184 ഉദ്യോഗസ്ഥർ തപാൽവോട്ട് രേഖപ്പെടുത്തിയതായി അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പോളിങ് ദിവസം തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ളവരും ഫോം 12ൽ പോസ്റ്റൽ വോട്ടിന് വരണാധികാരിക്ക് അപേക്ഷ സമർപ്പിച്ചവരുമായ ജീവനക്കാർക്കാണ് വോട്ട് ചെയ്യാൻ അവസരം.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം  അവസാനിക്കാൻ ഒരു ദിവസം മാത്രം ബാക്കി നിൽക്കെ വടകരയിൽ പ്രചാരണം ശക്തമാക്കി മുന്നണികൾ. ദേശീയ നേതാക്കളും സംസ്ഥാന നേതാക്കളും മണ്ഡലത്തിൽ പ്രചാരണത്തിനെത്തി.

ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്)............

✪✪✪

കേരളത്തിൽ നിന്ന് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ജയിച്ചു പോയവരുടെ പ്രവർത്തനം വിലയിരുത്താൻ  അവസരമാണ്  ഈ തിരഞ്ഞെടുപ്പിലൂടെ  ജനങ്ങൾക്ക് ലഭിച്ചിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.  കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നിരവധി പ്രശ്നങ്ങളിൽ ഒന്നും തന്നെ ഇടപെടാൻ  കോൺഗ്രസ് എം.പി.മാർക്ക് സാധിച്ചില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ പ്രസ് ക്ലബിന്റെ മീറ്റ് ദി ലീഡർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബി.ജെ.പി. ഗവൺമെന്റിനെ വിമർശിക്കാൻ കേരളത്തിലെ എം.പിമാർ ശ്രമിച്ചില്ലെന്നും, മറിച്ച് കേരളത്തെ കുറ്റപ്പെടുത്താനാണ് അവർ ശ്രമിച്ചതെന്നും പിണറായി കുറ്റപ്പെടുത്തി. ഈ തിരഞ്ഞെടുപ്പിനെ ജനങ്ങൾ ഒരവസരമായി തിരിച്ചറിഞ്ഞിരിക്കുന്നു. ബി.ജെ.പിക്ക് ഇനിയും ഭരണം ലഭിച്ചാൽ രാഷ്ട്രത്തിന് തന്നെ അപകടമാവും എന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

രാഹുൽഗാന്ധിക്കെതിരെ അധിക്ഷേപ പരാമർശം നടത്തിയ നിലമ്പൂർ MLA പി.വി അൻവറിനെതിരെ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയതായി KPCC ആക്ടിങ് പ്രസിഡന്റ് M.M ഹസൻ പറഞ്ഞു. നെഹ്റു കുടുംബത്തെയും രാഹുൽഗാന്ധിയെയും നിക്യഷ്ടമായ ഭാഷയിൽ അപമാനിച്ച അൻവറിനെതിരെ പൊലീസ് അടിയന്തരമായി കേസെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജനപ്രതിനിധിയെന്ന നിലയിൽ ഒരിക്കലും നാവിൽ നിന്ന് വീഴാൻ പാടില്ലാത്ത പരാമർശമാണ് അൻവർ നടത്തിയതെന്നും ഹസ്സൻ പറഞ്ഞു.

✪✪✪

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ അന്തിമഘട്ടത്തിലേക്ക്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.........

...........വോയ്സ്..............

✪✪✪

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കോഴിക്കോട്, വടകര മണ്ഡലങ്ങളിൽ പോസ്റ്റൽ വോട്ട് രേഖപ്പെടുത്താൻ വോട്ടർ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു . വടകരയിൽ PWD റസ്റ്റ് ഹൗസിലും കോഴിക്കോട്ട് ജില്ലാ പഞ്ചായത്ത് ഹാളിലുമാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

എറണാകുളം കാക്കനാട് M.A അബൂബക്കർ മെമ്മോറിയൽ ഗവൺമെൻറ് LP സ്കൂളിലും വോട്ടിംഗ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു .

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസാര പരിമിതർക്കായി ആംഗ്യ ഭാഷയിൽ വീഡിയോ കോൾ സംവിധാനവും സപ്തഭാഷാ കൺട്രോൾ റൂം സംവിധാനവും കാസർകോട്ട് ആരംഭിച്ചു. ജില്ലാവരണാധികാരി കൂടിയായ ജില്ലാകളക്ടർ K ഇമ്പശേഖർ വീഡിയോ കോൾ വഴി സംസാരിച്ച് ഉദ്ഘാടനം ചെയ്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.

.........(വോയ്സ്)....

✪✪✪

നാലാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം മറ്റന്നാൾ അവസാനിയ്ക്കും. ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ബിഹാർ, ജാർഖണ്ഡ്, ഒഡീഷ, പശ്ചിമബംഗാൾ, ആന്ധ്രാപ്രദേശ്, തെലങ്കാന, എന്നിവ ഉൾപ്പെടെ ഒൻപതു സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 96 ലോക്സഭാ സീറ്റുകളിലേക്ക് അടുത്ത മാസം 13 നാണ് നാലാംഘട്ടത്തിൽ വോട്ടെടുപ്പ്.

✪✪✪

ഇന്ന് ലോക പുസ്തക, പകർപ്പവകാശ ദിനം. മനുഷ്യനിലെ ഏറ്റവും സർഗ്ഗാത്മകമായ അനുഭവമാണ് വായന. അറിവിന്റെ അനന്തതയിലേക്ക് അത് വായനക്കാരെ നയിക്കുന്നു. ഈ വർഷത്തെ ലോക പുസ്തക, പകർപ്പവകാശ ദിനത്തിന്റെ ആശയം 'നിങ്ങളുടെ വഴി വായിക്കുക' എന്നതാണ്. വായനയോടു അഭിനിവേശം വളർത്തിയെടുക്കേണ്ടതിന്റെ പ്രാധാന്യമാണ് ഈ ആശയം ബോധ്യപ്പെടുത്തുന്നത്.

ജ്ഞാനത്തിനും സംസ്കാരത്തിനും പുതുമ നൽകിയ വിശ്വസാഹിത്യത്തിലെ അതികായരായ ഷേക്സ്പിയർ, സെർവാന്റസ്, ഗാർസിലാസോ ഡേ ലാവേഗ എന്നിവരുടെ ചരമ ദിനമായ ഏപ്രിൽ 23 ലോക പുസ്തകദിനമായും പകർപ്പാവകാശ ദിനമായും ആചരിക്കുന്നു.

1995-ലെ യുനെസ്കോ പൊതുസമ്മേളനമാണ് തീരുമാനമെടുത്തത്. സംസ്ഥാനത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും സാസ്കാരിക

സംഘടനകളുടെയും ഗ്രന്ഥശാലകളുടെയും ആഭിമുഖ്യത്തിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ തിഹാർ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഇന്ന് അവസാനിക്കും. കെജ്‌രിവാളിനെ ഇന്ന് റോസ് അവന്യൂ കോടതിയിൽ ഹാജരാക്കും.

✪✪✪

വിമാനങ്ങളിൽ യാത്ര ചെയ്യുന്ന 12 വരെ പ്രായക്കാരായ കുട്ടികൾക്ക് അവരുടെ മാതാപിതാക്കളുടെയോ, രക്ഷാകർത്താവിന്റെയോ അടുത്തു തന്നെ സീറ്റ് ഉറപ്പാക്കണമെന്ന് കേന്ദ്ര വ്യോമയാന ഡയറക്ടർ ജനറൽ അറിയിച്ചു. കുട്ടികൾക്ക് സീറ്റ് അനുവദിച്ചിട്ടുണ്ടെന്ന് എയർ ലൈനുകൾ ഉറപ്പാക്കണമെന്നും പരിഷ്ക്കരിച്ച സർക്കുലറിൽ പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്, ലക്നോ സൂപ്പർജയന്റ്സുമായി ഏറ്റുമുട്ടും. ചെന്നൈയിൽ രാത്രി ഏഴരക്കാണ് മത്സരം.

ജയ്പൂരിൽ ഇന്നലെ മുംബൈ ഇന്ത്യൻസിനെ ഒമ്പതു വിക്കറ്റിന് രാജസ്ഥാൻ റോയൽസ് പരാജയപ്പെടുത്തി.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ആദ്യമത്സരത്തിൽ ഒഡിഷ FC, ATK മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഏഷ്യൻ ജൂഡോ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ തൂലിക മാൻ സെമി ഫൈനലിലെത്തി. വനിതകളുടെ 78 കിലോഗ്രാം ക്വാർട്ടർ ഫൈനലിൽ ദക്ഷിണ കൊറിയൻ താരത്തെ പരാജയപ്പെടുത്തിയാണ് തൂലിക സെമിയിലെത്തിയത്.

✪✪✪

സംസ്ഥാനത്ത് ഇന്നും ചൂട് ഉയരാൻ സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി വരെയും, കൊല്ലം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കാസർകോട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരും. വെള്ളിയാഴ്ച വരെ 12 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദ്ദേശം നൽകി.

അതേസമയം, സംസ്ഥാനത്ത് ഇന്നും ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ ഒന്നര മീറ്റർ വരെ ഉയരത്തിൽ തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര-സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

സ്വർണ വിലയിൽ വൻ കുറവ്. പവന് 1,120 രൂപ കുറഞ്ഞ് 52,920 രൂപയായി. 6,615 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪